# DISCIPLESHIP TRAINING INSTITUTE
MALAYALAM DISTRICT COUNCIL OF THE
## SOUTH INDIA ASSEMBLIES OF GOD
(Reg. No.: KLM/TC/ 136/ 2018 of District Registrar (General) Kollam under the Travancore-Cochin Literary, Scientific & Charitable Societies Registration Act XII, 1955)


Punalur
20-03-2026

## ഡിസൈപ്പിൾഷിപ്പ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (DTI) അറിയിപ്പുകൾ

മലയാളം ഡിസ്ട്രിക്ടിലെ എല്ലാ ശുശ്രൂഷകന്മാർക്കും സഭാംഗങ്ങൾക്കും സ്നേഹവന്ദനം.

നമ്മുടെ വിശ്വാസികൾക്ക് ക്രമീകൃതമായ വചന പഠനവും ശിഷ്യത്വ പരിശീലനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടെ മലയാളം ഡിസ്ട്രിക്ട് ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് DTI. ഓരോ പ്രാദേശിക സഭയും ഒരു സ്റ്റഡി സെന്റർ എന്ന നിലക്ക് ആഴ്ചയിൽ ഒരു ദിവസം സഭകളിൽ ക്രമീകരിക്കുന്ന ക്ലാസുകളിലൂടെയാണ് DTI യുടെ പ്രവർത്തനങ്ങൾ നടക്കേണ്ടത്. DTI പ്രവർത്തനങ്ങൾക്ക് നല്കി വരുന്ന പിന്തുണയ്ക്കും സഹകരണങ്ങൾക്കും ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു.

**പാഠപുസ്തകം:** DTI 2024 ൽ പ്രസിദ്ധീകരിച്ചിരുന്ന പാഠപുസ്തകം (1A) അടിസ്ഥാനമാക്കി നമ്മുടെ പല സഭകളിലും ക്ലാസുകൾ നടന്നിരുന്നു. അടുത്ത പാഠപുസ്തകം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടു എങ്കിലും ഇക്കഴിഞ്ഞ ജനറൽ കൺവെൻഷൻ സമയത്ത് രണ്ടാമത്തെ പാഠപുസ്തകം (1 B) പ്രസിദ്ധീകരിച്ചിരുന്നു. DTI ക്ലാസുകൾ മുൻപു നടന്നിരുന്ന സഭകളിൽ പുതിയ പാഠപുസ്തകം അനുസരിച്ചും ഇതുവരെ ക്ലാസുകൾ തുടങ്ങിയിട്ടില്ലാത്ത സഭകളിൽ ആദ്യത്തെ പാഠപുസ്തകം അനുസരിച്ചും ഈ വർഷത്തെ ക്ലാസുകൾ ആരംഭിക്കേണ്ടതാണ്. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പാഠപുസ്തകങ്ങൾ ഡിസ്ട്രിക്ട് ഓഫീസിൽ ലഭ്യമാണ്.

**അധ്യാപനം:** സഭാ ശുശ്രൂഷകന്മാരാണ് ഓരോ സെന്ററിലും ക്ലാസുകൾ എടുക്കേണ്ടത്. എന്നാൽ ഏതെങ്കിലും കാരണത്താൽ ശുശ്രൂഷകന് അസൗകര്യം നേരിടുന്ന പക്ഷം സഭാംഗങ്ങളുടെ കൂട്ടത്തിൽ അഭ്യസ്തവിദ്യരും വചനം പഠിപ്പിക്കുന്നതിൽ പ്രാഗത്ഭ്യവും സമർപ്പണവും ഉള്ളതുമായ ഒരു സഹോദരനെ/ സഹോദരിയെ ഒരു നിശ്ചിത കാലയളവിലേക്ക് ഈ ശുശ്രൂഷക്കായി സഭാ ശുശ്രൂഷകന് നിയമിക്കാവുന്നതാണ്. എന്നാൽ ശുശ്രൂഷകന്റെ മേൽനോട്ടത്തിൽ ആയിരിക്കും ക്ലാസുകൾ നടക്കേണ്ടത്. ഈ വർഷത്തെ ക്ലാസുകൾ ഡിസ്ട്രിക്ട് തലത്തിൽ ഔദ്യോഗികമായി ആരംഭിക്കുന്ന അധ്യയനാരംഭ സമ്മേളനം 2026 ഏപ്രിൽ 13ന് വൈകിട്ട് 5 മണിക്ക് പുനലൂർ പ്രയർ ടവറിൽ ക്രമീകരിച്ചിരിക്കുന്നു.

**രജിസ്ട്രേഷൻ:** പഠിതാക്കൾ ഓൺലൈനായി അല്ലെങ്കിൽ അതതു സെന്ററുകൾ വഴി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധക്ക്:** സെക്ഷൻ തലത്തിൽ DTI യുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള സഹോദരങ്ങൾ അതതു സെക്ഷനിലെ പ്രസ്ബിറ്ററെ സമീപിക്കുവാൻ താല്പര്യപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഡോ. ജോൺസൺ ജി. സാമുവൽ (DTI ഡയറക്ടർ, ഫോൺ 9847369618), പാസ്റ്റർ ജോർജ് വർക്കി (സെക്രട്ടറി, ഫോൺ 85477 20857) എന്നിവരുമായി ബന്ധപ്പെടുക.

**Dr. Johnson G. Samuel**
(Director)

**Pastor George Varkey**
(Secretary)